അസിസ്റ്റന്റ് സർജൻമാരുടെ സ്ഥലം മാറ്റത്തിനുള്ള പൊതു മാനദണ്ഡം

360 [392] ശ്രീ. കെ. മൂസാക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പബ്ലിക് ഹെൽത്ത് സർവ്വീസിൽ അസി സ്റ്റന്റ് സർജൻമാരുടെ സ്ഥലം മാറ്റത്തിനുള്ള പൊതു മാനദണ്ഡ മെന്താണ്;

(ബി) ഈ മാനദണ്ഡത്തിന് വ്യത്യസ്തമായി ഈ വർഷം എതെങ്കിലും ഡോക്ടർമാരെ സ്ഥലം മാറ്റിയിട്ടുണ്ടോ; എങ്കിൽ എത്ര പേരെ; അതിനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജൻ മാരുടെ പൊതു സ്ഥലം മാറ്റം 3-4-1984-ലെ സർക്കാർ ഉത്തരവ് നമ്പർ. 89/84/ എച്ച്.ഡി. യിലെ നിബന്ധനകളനുസരിച്ചാണ് നടത്തി വരുന്നത്.

(ബി) ഭരണപരമായകാര്യത്തിലല്ലാതെ ഒരേ സ്ഥാപനത്തിൽ മൂന്നു കൊല്ലം തുടർച്ചയായി ജോലി ചെയ്തവരെ മാത്രമേ സ്ഥലം മാറ്റിയിട്ടുള്ളു. കഴിവതും അവർ ആവശ്യപ്പെട്ട സ്ഥലത്ത് തന്നെ മാറ്റം നൽകാൻ ശ്രദ്ധിച്ചിട്ടുണ്ട്. സ്കൂൾ ഹെൽത്ത് പ്രോഗ്രാമിൽ ജോലി ചെയ്യുന്ന സീനിയർ ഡോക്ടർമാരെ മാറ്റി പകരം ജൂനിയർ ഡോക്ടർമാരെ നിയമിക്കുന്നതിന് ഭരണപരമായ കാരണങ്ങളാൽ തീരു മാനിക്കുകയും അപ്രകാരം 95 പേർക്ക് സ്ഥലം മാറ്റം നൽകുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം ഭരണപരമായ കാര്യങ്ങളാൽ സ്ഥലം മാറ്റി യവരിൽ മൂന്ന് വർഷം ഒരേ സ്ഥലത്ത് പൂർത്തിയാക്കാത്തവരുമുണ്ട്. പൊതുസ്ഥലം മാറ്റത്തിനുള്ള മാനദണ്ഡം സംബന്ധിച്ച് ഉത്തര വിലെ 17,18 ഖണ്ഡികകളം പ്രകാരം മൂന്നു വർഷം തികയാത്തവരേയും ഭരണപരമായ കാരണങ്ങളാലും അനാരോഗ്യംമൂലം അനുകമ്പ അർഹി ക്കുന്ന കാര്യങ്ങളാലും സ്ഥലംമാറ്റാവുന്നതാണ്.

തമ്പാനൂരിലെ കെ. റ്റി. ഡി. സി. ഹോട്ടൽ

361 [393] വി. ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് തമ്പാനൂരിൽ പണിയുന്ന കെ. റ്റി. ഡി. സി. ഹോട്ടലിന്റെ അടങ്കൽതുക എത്ര;

(ബി) പ്രസ്തുത കെട്ടിടത്തിന്റെ പണിക്ക് വേണ്ടിവരുന്ന തുക എത്രയെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 180 ലക്ഷം രൂപ.

(ബി) കെട്ടിടത്തിന്റെ പണി പൂർത്തിയാക്കുവാൻ 225 ലക്ഷം രൂപ വേണ്ടിവരുമെന്ന് കണക്കാക്കപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly